ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഭീകരതയെ പ്രതിരോധിക്കാനുള്ള ഇന്ത്യയുടെ നടപടികളെ ഒരു രാജ്യവും തടഞ്ഞിട്ടില്ലെന്നും ആക്രമണം നിർത്താൻ ഒരു നേതാവും പറഞ്ഞില്ലെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi asserts, no world leader asked India to stop Operation Sindoor;**

2. ഭീകരതയ്ക്കെതിരെ കേന്ദ്രസർക്കാരിൻറെ നയം വിട്ടുവീഴ്ചയില്ലാത്തതാണെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ. രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ ഓപ്പറേഷൻ സിന്ദൂരിന്റെ പങ്ക് സുപ്രധാനമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്

   **Home Minister Amit Shah said that the central government's policy against terrorism is uncompromising; Defense Minister Rajnath Singh said that the role of Operation Sindoor is important in shaping the future of the country.**

3. അതിവേഗം വളരുന്ന ലോകത്തെ പ്രധാന സാമ്പത്തിക ശക്തി എന്ന നിലയിൽ ഇന്ത്യയുടെ ജിഡിപി മുമ്പ്

വിലയിരുത്തിയതിനേക്കാൾ മെച്ചപ്പെടുമെന്ന് ഐഎംഎഫ്

IMF says that India's GDP as a major economic power in the world, which is growing rapidly, will be better than previously estimated.

4. ഐ എസ് ആർ ഒ - നാസ സംയുക്ത ദൗത്യമായ നിസാർ ഉപഗ്രഹ വിക്ഷേപണത്തിന് കൗണ്ട്ഡൗൺ പുരോഗമിക്കുന്നു. വിക്ഷേപണം ഇന്ന് വൈകിട്ട് 5.40 ന്

   The countdown for the launch of the ISRO-NASA joint mission, Nisar satellite, is in progress. The launch will be at 5.40 pm today.

5. വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് ഇന്ന് ഒരാണ്ട്.

   Today marks one year of the Mundakai Chooralmala landslide disaster in Wayanad Kerala

6. -റഷ്യയിൽ പസഫിക് തീരത്ത് ശക്തമായ ഭൂകമ്പം. 8.7 തീവ്രത രേഖപ്പെടുത്തി. റഷ്യയുടെയും ജപ്പാന്റെയും യു എസിന്റെയും ചില ഭാഗങ്ങളിൽ സുനാമി മുന്നറിയിപ്പ്.

   A powerful earthquake with a magnitude of 8.7 struck off the Pacific coast of Russia's Kamchatka Peninsula in wee hours today; Tsunami warning for parts of Russia, Japan and the US.

&&&&&&&&&&&&&&&&&&

**PM-MODI- INTRO**

¬ഭീകരതയെ പ്രതിരോധിക്കാൻ ഇന്ത്യ സ്വീകരിച്ച നടപടികളെ ഒരു രാജ്യവും തടഞ്ഞിട്ടില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആക്രമണം നിർത്താൻ ഒരു നേതാവും പറഞ്ഞില്ല. വെടി നിർത്താൻ പാക്കിസ്ഥാൻ ഇന്ത്യയോട് അപേക്ഷിക്കുകയായിരുന്നുവെന്നും ലോക്സഭയിൽ ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് മറുപടി പറയവെ പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ലെന്നും സാഹസത്തിനു മുതിർന്നാൽ ഇനിയും മറുപടി നൽകുമെന്നും പ്രധാനമന്ത്രി മുന്നറിയിപ്പ് നല്കി. പാകിസ്ഥാൻ ആക്രമിച്ചാൽ ഇന്ത്യ വലിയ ആക്രമണം നടത്തി പ്രതികരിക്കുമെന്ന് യുഎസ് വൈസ് പ്രസിഡന്റുമായുള്ള സംഭാഷണത്തിനിടെ ഇന്ത്യ നിലപാട് വ്യക്തമാക്കിയെന്നും പ്രധാനമന്ത്രി പറഞ്ഞു. ലോകത്തിൻറെ മുഴുവൻ പിന്തുണയും രാജ്യത്തെ സൈന്യത്തിന് ലഭിച്ചിട്ടും കോൺഗ്രസിൻറെ പിന്തുണ ലഭിച്ചില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**LS – OPERATION SINDOOR**

ഭീകരതയ്ക്കെതിരെ നരേന്ദ്ര മോദി സർക്കാരിന്റെ നയം വിട്ടുവീഴ്ചയില്ലാത്തതാണെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ ലോക്സഭയിൽ നടന്ന ചർച്ചയിൽ ആവർത്തിച്ച് വ്യക്തമാക്കി. ഓപ്പറേഷൻ സിന്ദൂർ ലോകത്തിന് മുന്നിൽ പാകിസ്ഥാന്റെ മുഖംമൂടി അഴിച്ചുമാറ്റി. എന്നാൽ രാജ്യത്തെ

പ്രതിപക്ഷം എല്ലാം രാഷ്ട്രീയ വത്കരിക്കാനാണ് ശ്രമിച്ചതെന്ന് കേന്ദ്രമന്ത്രി കുറ്റപ്പെടുത്തി. ഹൃദയശൂന്യമായ ആക്രമണമാണ് ഇന്ത്യൻ മണ്ണിൽ പാകിസ്ഥാൻ സംഘടിപ്പിക്കുകയും ആസൂത്രണം ചെയ്യുകയും ചെയ്തതെന്ന് ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. ഓപ്പറേഷൻ സിന്ദൂരിനിടെ, പ്രതിപക്ഷം സർക്കാരിനൊപ്പം ഉറച്ചു നിന്നു, എന്നാൽ ശക്തമായി പോരാടാനുള്ള ഇച്ഛാശക്തി കേന്ദ്രം പ്രകടിപ്പിച്ചില്ലെന്ന് കുറ്റപ്പെടുത്തി.

പ്രധാനമന്ത്രിയുടെ മറുപടിയോടെ ഇന്ന് രാവിലെ പതിനൊന്ന് മണിക്ക് ചേരാനായി ലോക്സഭ പിരിഞ്ഞു.

&&&&&&&&&&&&&&&&&&

## RS – OPERATION SINDOOR

ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ച് ഇന്നലെ രാജ്യസഭയിലും പ്രത്യേക ചർച്ച നടന്നു. രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ ഓപ്പറേഷൻ സിന്ദൂരിന്റെ പങ്ക് സുപ്രധാനമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. പഹൽഗാമിൽ 26 നിരപരാധികളെ ക്രൂരമായി കൊലപ്പെടുത്തിയ മൂന്ന് ഭീകരരെ ഇല്ലാതാക്കിയതിന് ഇന്ത്യൻ സൈന്യത്തെയും സുരക്ഷാ സേനയെയും അദ്ദേഹം അഭിനന്ദിച്ചു. ചർച്ചയിൽ പങ്കെടുത്ത രാജ്യസഭ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ, ഓപ്പറേഷൻ സിന്ദൂരിനിടെ വെടിനിർത്തൽ പ്രഖ്യാപിച്ച സർക്കാർ നടപടിയെ ചോദ്യം ചെയ്തു. ഉറി, പുൽവാമ, പഹൽഗാം ആക്രമണങ്ങൾ

ഇന്റലിജൻസ് പരാജയത്തെയാണ് കാണിക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു.

ഡിഎംകെയിലെ തിരുച്ചി ശിവ, എൻസിപിയുടെ പ്രഫുൽ പട്ടേൽ, ടിഎംസിയിലെ സാഗരിക ഘോഷ്, ആർജെഡിയിലെ എ ഡി സിംഗ്, കോൺഗ്രസിലെ പി ചിദംബരം, തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**PREZ – WB, JHARKHAND VISIT**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്ന് ദിവസത്തെ പശ്ചിമ ബംഗാൾ, ജാർഖണ്ഡ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. പശ്ചിമ ബംഗാളിലെ കല്യാണിയിലുള്ള എയിംസിന്റെ പ്രഥമ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**IMF – INDIA**

2025 ലും 2026 ലും ഇന്ത്യയുടെ സാമ്പത്തിക വളർച്ച 6.4 ശതമാനമായിരിക്കുമെന്ന് അന്താരാഷ്ട്ര നാണയ നിധി. അതിവേഗം വളരുന്ന ലോകത്തെ പ്രധാന സാമ്പത്തിക ശക്തി എന്ന നിലയിൽ ഇന്ത്യയുടെ ജിഡിപി മുമ്പ് വിലയിരുത്തിയതിനേക്കാൾ മെച്ചപ്പെടുമെന്നാണ് നിരീക്ഷണം. ഇന്ത്യയുടെ GDP വളർച്ച 2025 ൽ 6.2 ശതമാനവും 2026 ൽ 6.3 ശതമാനവുമാകുമെന്നായിരുന്നു

കഴിഞ്ഞ ഏപ്രിലിലെ IMF വിലയിരുത്തൽ. അതേസമയം, ആഗോള വളർച്ചാ നിരക്ക് 2025 ൽ 3.0 ശതമാനവും 2026 ൽ 3.1 ശതമാനവുമായിരിക്കുമെന്നും IMF നിരീക്ഷിച്ചു.

&&&&&&&&&&&&&&&&&&

## ISRO – NISAR

ഐ എസ് ആർ ഒ യുടെയും നാസയുടെയും സംയുക്ത ദൗത്യമായ - നിസാർ ഉപഗ്രഹ വിക്ഷേപണത്തിനായുള്ള കൗണ്ട്ഡൗൺ പുരോഗമിക്കുന്നു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നും ഇന്ന് വൈകുന്നേരം 5.40 ന് ജിഎസ്എൽവി-എഫ് 16 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം. സസ്യജാലങ്ങളുടെ മാറ്റങ്ങൾ, മഞ്ഞുപാളികളിലുള്ള മാറ്റങ്ങൾ, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുകയാണ് ഈ ഭൗമ നിരീക്ഷണ ദൗത്യത്തിന്റെ ലക്ഷ്യം. ഐ എസ് ആർ യുടെയും നാസയുടെയും പ്രഥമ സംയുക്ത ഉപഗ്രഹ ദൗത്യമാണ് നിസാർ.

&&&&&&&&&&&&&&&&&&

## WAYANAD – MUNDAKAI INTRO

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് ഇന്ന് ഒരു വയസ്സ്. മേപ്പാടി ഗ്രാമപഞ്ചായത്തിലെ രണ്ട് ഗ്രാമങ്ങളെയൊന്നാകെ തുടച്ചു നീക്കിയ

മഹാദുരന്തമുണ്ടായത് കഴിഞ്ഞ ജൂലൈ 30 നാണ്. അതിജീവിതർക്കായി സംസ്ഥാന സർക്കാർ ഒരുക്കുന്ന മാതൃകാ ടൗൺഷിപ്പിന്റെ നിർമാണം അതിവേഗം പുരോഗമിക്കുകയാണ്. പുത്തുമലയിൽ ഇന്ന് സർവമത പ്രാർത്ഥനയും, അനുസ്മരണ സമ്മേളനവും നടക്കും.

കൂടുതൽ വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ല പ്രതിനിധി അരുൺ വിൻസെൻറ്

(വോയ്സ്)

&&&&&&&&&&&&&&&&&&

**VILANGAD LANDSLIDE 1 YEAR**

കോഴിക്കോട് ജില്ലയിലെ മലയോര ഗ്രാമമായ വിലങ്ങാടിലും 2024 ജൂലായ് 30 ന് പുലർച്ചെയാണ് ഉരുൾ പൊട്ടൽ ദുരിതം വിതച്ചത്. യഥാസമയം മുന്നറിയിപ്പുകൾ നൽകി പ്രദേശവാസികളെ ഒഴിപ്പിക്കാൻ സാധിച്ചതിലൂടെ വലിയ തോതിലുള്ള ആളപായം കുറക്കാനായി. ഉരുൾപൊട്ടലിൽ വീട് പൂർണ്ണമായും നഷ്ടപെട്ട 31 പേർക്ക് 15 ലക്ഷം രൂപ വീതം സർക്കാർ ധനസഹായം നൽകി. അതേ സമയം പുനരധിവാസ പ്രവർത്തനങ്ങൾക്ക് വേഗതയില്ലെന്നാണ് പ്രതിപക്ഷത്തിന്റെ ആരോപണം.

&&&&&&&&&&&&&&&&&&

**IMD-WEATHER**

കേരളം, മാഹി, ലക്ഷദ്വീപ്, കർണാടക, റായലസീമ, ആന്ധ്രാപ്രദേശിന്റെ തീരദേശം, തെലങ്കാന എന്നിവിടങ്ങളിൽ അടുത്ത 7 ദിവസം ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയതോ മിതമായതോ ആയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. കേരളത്തിൻറെ വടക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ട്. കേരളം, കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&

## RUSSIA – EARTHQUAKE

റഷ്യയിൽ ശക്തമായ ഭൂകമ്പം. കാംചത്കയിൽ പസഫിക് തീരത്ത് ഇന്ന് പുലർച്ചെയാണ് 8.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായത്. കടൽത്തീരത്ത് നിന്ന് ഏകദേശം 136 കിലോമീറ്റർ അകലെ 19 കിലോമീറ്റർ താഴ്ചയിലാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. 2011ലെ ജപ്പാനിലെ മെഗാ ഭൂകമ്പത്തിന് ശേഷമുള്ള ഏറ്റവും ശക്തമായ ഭൂകമ്പമാണിത്. ഭൂകമ്പത്തെ തുടർന്ന് റഷ്യയുടെയും ജപ്പാന്റെയും യു എസിന്റെയും ചില ഭാഗങ്ങളിൽ സുനാമി മുന്നറിയിപ്പ് നൽകി. റഷ്യയിലെ സഖാലിൻ ദ്വീപിൽ നിന്ന് ആളുകളെ ഒഴിപ്പിക്കുന്ന നടപടി തുടങ്ങി. സ്ഥിതിഗതികൾ അധികൃതർ സൂക്ഷ്മമായി നിരീക്ഷിക്കുകയാണ്.

&&&&&&&&&&&&&&&&&&

## UK- PALESTINIAN STATE

പട്ടിണി പടരുന്ന ഗാസയിലെ ദുരിതനിവാരണത്തിന് ഇസ്രയേൽ നടപടികൾ സ്വീകരിക്കുകയും, ഹമാസുമായുള്ള വെടിനിർത്തൽ നടപ്പിലാക്കുകയും ചെയ്യില്ലെങ്കിൽ ബ്രിട്ടൻ പലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുമെന്ന് യുകെ പ്രധാനമന്ത്രി കെയർ സ്റ്റാമർ പ്രഖ്യാപിച്ചു. 140-ഓളം രാജ്യങ്ങൾ പലസ്തീൻ രാഷ്ട്രത്തെ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## SCINDIA - TELECOM MEET

സൈബർ തട്ടിപ്പുകൾക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ സഞ്ചാർ സാത്തി മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. ഹിന്ദിയിലും 21 പ്രാദേശിക ഭാഷകളിലുമുള്ള ആപ്പ്, സംശയാസ്പദമായ ആശയവിനിമയങ്ങൾ റിപ്പോർട്ട് ചെയ്യാനും, നഷ്ടപ്പെട്ടതോ മോഷ്ടിക്കപ്പെട്ടതോ ആയ ഫോണുകൾ കണ്ടെത്താനും സഹായിക്കും.

&&&&&&&&&&&&&&&&&&

## MEGHNAD DESAI-DIED

പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനും ചിന്തകനും എഴുത്തുകാരനുമായ മേഘ്നാഥ് ദേശായി അന്തരിച്ചു. 85 വയസായിരുന്നു. ബ്രിട്ടീഷ് പ്രഭുസഭയിൽ അംഗമാകുന്ന ആദ്യ ഇന്ത്യൻവംശജരിൽ ഒരാളാണ് ഗുജറാത്തിൽ ജനിച്ച

മേഘ്നാഥ് ദേശായി. നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## SABARIMALA–NIRAPUTHARI

പുന്നെല്ലിൻ കതിരിൻ നിറവിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ശബരിമല സന്നിധാനത്ത് നിറപുത്തരി പൂജ നടന്നു. ഇന്നു രാവിലെ നാലിനു നട തുറന്നതു മുതൽ നല്ല തിരക്കാണ് സന്നിധാനത്തുള്ളത്. ഇന്നു രാത്രി 10 നു നട അടയ്ക്കും. ചിങ്ങമാസ പൂജയ്ക്കായി അ

അടുത്തമാസം 16നു വൈകിട്ടു നട തുറക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&